ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 10.11.2024**

## പ്രധാനവാർത്തകൾ

1. വയനാട്, ചേലക്കര ഉപതെരഞ്ഞെടുപ്പുകളുടെ പരസ്യപ്രചാരണം നാളെ അവസാനിക്കും. പാലക്കാട് മണ്ഡലത്തിൽ പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു.

2. സംസ്ഥാനത്തിൻറെ വികസന ചരിത്രത്തിൽ വിസ്മയങ്ങൾ തീർത്ത്, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പുതുചരിതം എഴുതുകയാണെന്ന് മന്ത്രി വി എൻ വാസവൻ.

3. കേരളത്തിൻറെ വിനോദസഞ്ചാര മേഖലയ്ക്ക് പുതിയ പ്രതീക്ഷ നൽകുന്ന സീപ്ലെയിൻ ഇന്ന് കൊച്ചിയിലെത്തി. പരീക്ഷണപ്പറക്കലിന്റെ ഫ്ളാഗ് ഓഫ് നാളെ.

4. സംസ്ഥാന സ്കൂൾ കായികമേള നാളെ സമാപിക്കും. പോയൻറ് പട്ടികയിൽ തിരുവനന്തപുരം മുന്നിൽ. കേരള മോഡലിലേക്കുള്ള സംഭാവനയാണ് ഒളിമ്പിക്സ് മാതൃകയിൽ നടത്തിയ കായികമേളയെന്ന് മന്ത്രി വി ശിവൻകുട്ടി.

5. പ്രഥമ സൂപ്പർ ലീഗ് കേരള ഫുട്ബോൾ കിരീടപ്പോരാട്ടത്തിൽ ഇന്ന് കാലിക്കറ്റ് എഫ് സി, ഫോഴ്സ കൊച്ചിയെ നേരിടും. ഇന്ത്യ - ദക്ഷിണാഫ്രിക്ക രണ്ടാം ട്വന്റി -20 മത്സരം രാത്രി 7.30 ന്.

PIU TVPM

=========================================

<u>**ഉപതിരഞ്ഞെടുപ്പ് കേരള**</u>

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിലെ വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും പരസ്യപ്രചാരണം നാളെ സമാപിക്കും. മറ്റന്നാൾ നിശബ്ദ പ്രചാരണമാണ്. ബുധനാഴ്ചയാണ് ഇവിടെ വോട്ടെടുപ്പ്. പാലക്കാട് നിയമസഭാ മണ്ഡലത്തിൽ ഈ മാസം 20 നാണ് വോട്ടെടുപ്പ്. മൂന്നിടങ്ങളിലേയും വോട്ടെണ്ണൽ നവംബർ 23 ന് നടക്കും.

=========================================

<u>**വയനാട് - പ്രചാരണം**</u>

ലോക്സഭ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട്ടിൽ അവസാന ഘട്ട പ്രചാരണം ശക്തമാക്കി മുന്നണികൾ. നാളെ UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധി, ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി എന്നിവർ തിരുവമ്പാടി നിയോജക മണ്ഡലത്തിൽ റോഡ് ഷോ നടത്തും. LDF സ്ഥാനാർഥി സത്യൻ മൊകേരി ഇന്ന് മാനന്തവാടിയിലാണ് പര്യടനം നടത്തിയത്. NDA സ്ഥാനാർഥി നവ്യ ഹരിദാസ് നാളെ ബത്തേരി മണ്ഡലത്തിൽ പ്രചാരണത്തിനെത്തും.

RNU TVPM

=========================================

<u>**ഝാർഖണ്ഡ് - മഹാരാഷ്ട്ര തിരഞ്ഞെടുപ്പ് 1**</u>

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന മഹാരാഷ്ട്രയിലും ഝാർഖണ്ഡിലും പ്രചാരണം സജീവമാക്കി രാഷ്ട്രീയ കക്ഷികൾ. ഝാർഖണ്ഡിൽ ബിജെപിയുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി തിരഞ്ഞെടുപ്പ് യോഗങ്ങളെ അഭിസംബോധന ചെയ്തു. ജെഎംഎം നേതാവും മുഖ്യമന്ത്രിയുമായ ഹേമന്ത് സോറൻ, ആർജെഡി നേതാവ്

തേജസ്വി യാദവ് എന്നിവരും പ്രചാരണ രംഗത്തുണ്ട്.

മഹാരാഷ്ട്രയിൽ BJP-യുടെ പ്രകടനപത്രിക പാർട്ടി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ ഇന്ന് പ്രകാശനം ചെയ്തു. മഹാ വികാസ് അഘാഡിയുടെ പ്രകടനപത്രിക കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പുറത്തിറക്കി.

==============================================

**വിഴിഞ്ഞം- നേട്ടം (ഇൻട്രോ)**

കേരളത്തിന്റെ വികസന ചരിത്രത്തിൽ വിസ്മയങ്ങൾ തീർത്ത്, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പുതുചരിതം എഴുതുകയാണെന്ന് മന്ത്രി വി എൻ വാസവൻ. തുറമുഖത്തിന്റെ ട്രയൽ റൺ ആരംഭിച്ച് 4 മാസങ്ങൾക്കിടെ ഒരു ലക്ഷം TEU കൈകാര്യം ചെയ്ത തുറമുഖമെന്ന നാഴികക്കല്ല് പിന്നിട്ടതായി മന്ത്രി വ്യക്തമാക്കി. നവംബർ ഒൻപത് വരെയുള്ള കണക്ക് അനുസരിച്ച് 46 കപ്പലുകളാണ് തുറമുഖത്ത് എത്തിയത്.

7.4 കോടി രൂപയുടെ വരുമാനമാണ് ജി.എസ്. ടി. ഇനത്തിൽ ലഭിച്ചതെന്നും മന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയിസ്- മന്ത്രി)**

RNU TVPM

==============================================

**സീപ്ലെയിൻ സർവീസ്**

സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയ്ക്ക് പുതിയ പ്രതീക്ഷ നൽകുന്ന സീപ്ലെയിൻ ഇന്ന് കൊച്ചിയിലെത്തി. 9 പേരെ വഹിക്കാൻ കഴിയുന്ന ആംഫിബിയൻ വിമാനം നാളെ രാവിലെ ബോൾഗാട്ടി മറീനയിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി പി എ മുഹമ്മദ് റിയാസ് ഫ്ലാഗ് ഓഫ് ചെയ്യും. ഇടുക്കി മാട്ടുപ്പെട്ടി ജലാശയത്തിലാണ് വിമാനം ഇറക്കുന്നത്. ഉച്ചയ്ക്ക് 12 മണിയോടെ തിരികെ കൊച്ചി വിമാനത്താവളത്തിൽ എത്തി ഇന്ധനം നിറച്ച ശേഷം അഗത്തിയിലേക്ക് പോകും.

ഇന്ന് കൊച്ചി വിമാനത്താവളത്തിൽ എത്തിയ വിമാനത്തെ വാട്ടർ സല്യൂട്ട് നൽകിയാണ് സ്വീകരിച്ചത്. വിമാനത്തിലെ പൈലറ്റ് മാർക്ക് പിന്നീട് ബോൾഗാട്ടി പാലസ് ഹോട്ടലിൽ സ്വീകരണം നൽകി. സീപ്ലെയ്നിന്റെ പരീക്ഷണപ്പറക്കലുമായി ബന്ധപ്പെട്ട് ടൂറിസ്റ്റ് - മത്സ്യബന്ധന ബോട്ടുകൾ, വാട്ടർ മെട്രോ തുടങ്ങിയവയ്ക്ക് ഏർപ്പെടുത്തിയ നിയന്ത്രണം നീക്കിയതായി എറണാകുളം ജില്ലാ കളക്ടർ അറിയിച്ചു.

==========================================

**മുനമ്പം - പ്രതികരണം**

മുനമ്പം ഭൂമി പ്രശ്നത്തിൽ സംസ്ഥാന സർക്കാർ കൃത്യമായ പരിഹാരം കാണുമെന്നും ആരെയും കുടിയൊഴിപ്പിക്കാൻ അനുവദിക്കില്ലെന്നും മന്ത്രി വി.അബ്ദുറഹ്മാൻ. സംസ്ഥാനത്ത് ഒരിടത്തും കുടിയൊഴിപ്പിക്കലിനെ പാർട്ടി അംഗീകരിക്കില്ലെന്ന് CPIM സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദനും പറഞ്ഞു. അതേസമയം, മുനമ്പം സമരം ശക്തിപ്പെടുത്തുമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ അറിയിച്ചു.

PNU TVPM

==========================================

**ജോർജ് കുര്യൻ**

കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര പദ്ധതികളെ കുറിച്ചുള്ള അഞ്ച് ദിവസത്തെ ബോധവൽക്കരണ-പ്രദർശന പരിപാടിക്ക് നാളെ എറണാകുളത്ത് തുടക്കമാകും. അങ്കമാലിയിൽ നടക്കുന്ന പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. തപാൽ വകുപ്പിൻറെ ആധാർ സേവനങ്ങൾ, ദേശീയ

ആയുഷ് മിഷൻറെ ആയുർവേദ, ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.

==========================================

## സ്കൂൾ കായികമേള ലീഡ്

സംസ്ഥാന സ്കൂൾ കായികമേളയിൽ മുന്നേറ്റം തുടർന്ന് തിരുവനന്തപുരം ജില്ല. 223 സ്വർണവും 148 വെള്ളിയും 161 വെങ്കലവും ഉൾപ്പെടെ 1,905 പോയിന്റുമായാണ് തലസ്ഥാന ജില്ല ഒന്നാം സ്ഥാനത്തുള്ളത്. തൃശൂർ രണ്ടാമതും മലപ്പുറം മൂന്നാമതുമാണ്. അത്ലറ്റിക്സിൽ മലപ്പുറമാണ് ഒന്നാം സ്ഥാനത്ത്. പാലക്കാട് രണ്ടാമതും ആതിഥേയരായ എറണാകുളം 3-ാം സ്ഥാനത്തുമാണ്. ഗെയിംസ് ഇനത്തിലും തിരുവനന്തപുരമാണ് ഒന്നാം സ്ഥാനത്ത്.

RNUTVPM

==========================================

## കായികമേള- സമാപനം

സംസ്ഥാന സ്കൂൾ കായികമേള നാളെ സമാപിക്കും. സമാപന സമ്മേളനം നാളെ വൈകിട്ട് എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പ്രഥമ ചീഫ് മിനിസ്റ്റേഴ്സ് എവർറോളിങ് ട്രോഫി ജേതാക്കൾക്ക് മുഖ്യമന്ത്രി സമ്മാനിക്കും. മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിക്കും.

==========================================

## സ്കൂൾ കായികമേള- വിദ്യാഭ്യാസമന്ത്രി

കേരള മോഡലിലേക്കുള്ള പുതിയ സംഭാവനയാണ് ഒളിമ്പിക്സ് മാതൃകയിൽ കൊച്ചിയിൽ നടത്തിയ സ്കൂൾ കായികമേളയെന്ന് മന്ത്രി വി ശിവൻകുട്ടി. അടുത്ത കായികമേള തിരുവനന്തപുരത്ത് നടത്തുമെന്നും അദ്ദേഹം പറഞ്ഞു. നാല് വർഷം കൂടുമ്പോൾ ഒളിമ്പിക്സ് മാതൃകയിലും, മറ്റു വർഷങ്ങളിൽ സാധാരണ

രീതിയിലും കായികമേള നടത്താനാണ് തീരുമാനിച്ചിരുന്നത്.

മേളയുടെ ഭാഗമായവർ വരും വർഷങ്ങളിലും ഇതേ രീതിയിൽ തന്നെ മേള നടത്തണമെന്നാണ് ആവശ്യപ്പെടുന്നത്. ഇക്കാര്യം മുഖ്യമന്ത്രിയോട് ചർച്ച ചെയ്യുമെന്നും മന്ത്രി പറഞ്ഞു.
**(ഹോൾഡ് വോയിസ്- മന്ത്രി)**

==========================================

**ക്രിക്കറ്റ്**

ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ദക്ഷിണാഫ്രിക്കയിലെ സെന്റ് ജോർജ് പാർക്ക് ക്രിക്കറ്റ് ഗ്രൗണ്ടിൽ ഇന്ത്യൻ സമയം രാത്രി 7.30-നാണ് മത്സരം.

==========================================

**പ്രഥമ സൂപ്പർ ലീഗ് കേരള**

പ്രഥമ സൂപ്പർ ലീഗ് കേരളയുടെ കിരീടപ്പോരാട്ടത്തിൽ ഇന്ന് കാലിക്കറ്റ് എഫ് സി, ഫോഴ്സ കൊച്ചിയെ നേരിടും. കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ രാത്രി 8 നാണ് മത്സരം.

==========================================

**ആയുഷ് മന്ത്രാലയം സെക്രട്ടറി**

വൈദ്യശാസ്ത്രത്തെ മുന്നോട്ട് നയിക്കേണ്ടത് വർത്തമാന കാലത്തിന്റെ ആവശ്യകതയാണെന്ന് കേന്ദ്ര ആയുഷ് മന്ത്രാലയം സെക്രട്ടറി ഡോ. രാജേഷ് കോട്ടേച. മലപ്പുറത്ത് കോട്ടക്കൽ ആര്യവൈദ്യശാല സംഘടിപ്പിച്ച ആയുർവ്വേദ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കോവിഡിനെ തുടർന്ന് ലോകമെമ്പാടും വിവിധ ആരോഗ്യപ്രശ്നങ്ങൾ വർധിച്ചു വരുന്ന സാഹചര്യത്തെ ഗൗരവത്തോടെ കൈകാര്യം ചെയ്യണമെന്നും ശ്രീ രാജേഷ് കോട്ടേച പറഞ്ഞു.

==========================================

**കൽപാത്തി രഥോത്സവം (ഇൻട്രോ)**

ബുധനാഴ്ച രഥോത്സവത്തിന് കൊടിയേറിയതോടെ പാലക്കാട് കൽപാത്തിയിൽ തേരൊരുക്കങ്ങൾ തകൃതിയായി.

**വിശദാംശങ്ങളുമായി ആകാശവാണി**

**പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്.........**

**(വോയിസ്..........)**

==========================================

**കണ്ണൂർ - സഹായ മെത്രാൻ**

കണ്ണൂർ രൂപതയുടെ പ്രഥമ സഹായ മെത്രാനായി ഡെന്നിസ് കുറുപ്പശേരി സ്ഥാനമേറ്റു. കണ്ണൂർ ബർണശേരി ഹോളി ട്രിനിറ്റി കത്തീഡ്രലിൽ ആയിരുന്നു ചടങ്ങുകൾ. കഴിഞ്ഞ ഓഗസ്റ്റ് 15 ന് ഫ്രാൻസിസ് മാർപാപ്പയാണ് ഡെന്നീസ് കുറുപ്പശ്ശേരിയെ സഹായമെത്രാനായി നിയമിച്ചത്.

RNU TVPM

==========================================

**ശബരിമല**

മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിനായി ശബരിമല ക്ഷേത്രനട ഈ മാസം 15-ന് തുറക്കും. 16 മുതൽ അടുത്തമാസം 26 വരെ എല്ലാ ദിവസവും പൂജ ഉണ്ടാകും. അടുത്തമാസം 26-നാണ് മണ്ഡലപൂജ.

==========================================

**ഇടുക്കി- വില നിയന്ത്രണം**

ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനത്തോട് അനുബന്ധിച്ച ഇടുക്കി ജില്ലയിൽ ഹോട്ടലുകളിലെ ഭക്ഷണവില നിശ്ചയിച്ച് ജില്ലാ കളക്ടർ ഉത്തരവായി. ഹോട്ടലുകൾ, ബേക്കറികൾ എന്നിവിടങ്ങളിലെ സസ്യഭക്ഷണ സാധനങ്ങളുടെ വില, ജി എസ് ടി ഉൾപ്പെടെയാണ് നിശ്ചയിച്ചിട്ടുള്ളത്.

വിലവിവരപ്പട്ടിക എല്ലാ ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും പ്രദർശിപ്പിക്കേണ്ടതാണെന്നും കളക്ടറുടെ ഉത്തരവിൽ പറയുന്നു.

===================================

**<u>കരകുളം- ഗതാഗത നിയന്ത്രണം</u>**

തിരുവനന്തപുരത്തെ കരകുളം ഫ്ളൈ ഓവർ നിർമാണവുമായി ബന്ധപ്പെട്ടുള്ള ഗതാഗത നിയന്ത്രണം നാളെ ആരംഭിക്കും. കരകുളം പാലം- കെൽട്രോൺ ജംങ്ഷൻ ഫ്ളൈ ഓവർ നിർമാണത്തിന്റെ ഭാഗമായി തിരുവനന്തപുരം-തെന്മല സംസ്ഥാന പാതയിൽ, നെടുമങ്ങാട് - തിരുവനന്തപുരം റോഡിലാണ് നിയന്ത്രണം.

===================================

**<u>ജർമ്മൻ കോൺസൽ</u>**

പ്രതിസന്ധികൾ നിറഞ്ഞ ലോകത്ത് മാനവിക മൂല്യങ്ങൾ സംരക്ഷിക്കുന്ന ജനാധിപത്യത്തിന് നിർണായക പങ്കുണ്ടെന്നും, അതിനാൽ ഇന്ത്യയുമായുള്ള സഹകരണത്തെ ജർമ്മനി അത്യന്തം വിലമതിക്കുന്നതായും ജർമ്മൻ കോൺസൽ ജനറൽ അഹിം ബുർകാർട്ട്. ബെർലിൻ മതിലിൻറെ വീഴ്ചയുടെ 35-ാം വാർഷികവും, ജർമ്മനിയുടെ ഏകതാ ദിനവും പ്രമാണിച്ച് തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

===================================

===================================

===================================